"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനം വന്യജീവി വകുപ്പ്-ജീവനക്കാര്യം- ബീറ്റ് ഫോറസ്റ്റ് ഓഫീസർ ശ്രീ. എം.സി. ബാബുവിന് പ്രത്യേക അവശതാവധി അനുവദിച്ച് നൽകി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.177/2024/F&WLD തീയതി,തിരുവനന്തപുരം, 05-04-2024

---

പരാമർശം:- ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 11.03.2019 ലെ ഇ7-2765/18, 22.03.2024 ലെ ഇ8-1971/2024 നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

വനം വന്യജീവി വകുപ്പിൽ സൗത്ത് വയനാട് ഡിവിഷനിലെ മേപ്പാടി റേഞ്ചിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസറായ ശ്രീ.എം.സി. ബാബുവിന് ഫീൽഡ് പരിശോധനയ്ക്കിടെ വലത് കണ്ണിന് സാരമായി പരിക്കേറ്റതിനെ തുടർന്ന് ചികിത്സയ്ക്കായി 26.02.2018 മുതൽ 07.05.2018 വരെ 71 ദിവസത്തേയ്ക്ക് പ്രത്യേക അവശതാവധി അനുവദിക്കുന്നതിനായി ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ പരാമർശ കത്ത് പ്രകാരം ശിപാർശ ലഭ്യമാക്കിയിരുന്നു.

2. സർക്കാർ ഇക്കാര്യം പരിശോധിക്കുകയുണ്ടായി. ശ്രീ. എം.സി. ബാബുവിന് 25.02.2018 ൽ വൈത്തിരി ഔട്ട്പോസ്റ്റിൽ വൈത്തിരി ഭാഗത്ത് വച്ച് ഡ്യൂട്ടിക്കിടയിൽ വലത് കണ്ണിന് സാരമായി പരിക്കേറ്റതായി റേഞ്ച് ഫോറസ്റ്റ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജിലെ അസിസ്റ്റന്റ് പ്രൊഫസറുടെ മെഡിക്കൽ സർട്ടിഫിക്കറ്റും 07.05.2018 ലെ ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റും ഹാജരാക്കിയിട്ടുണ്ട്.

3. മേൽ സാഹചര്യത്തിൽ, ബീറ്റ് ഫോറസ്റ്റ് ഓഫീസറായ ശ്രീ.എം.സി. ബാബുവിന് ഫീൽഡ് പരിശോധനയ്ക്കിടെ വലത് കണ്ണിന് സാരമായി പരിക്കേറ്റതിനെ തുടർന്നുള്ള ചികിത്സയ്ക്കായി വിനിയോഗിച്ച 26.02.2018 മുതൽ 06.05.2018 വരെ 70 ദിവസത്തേയ്ക്ക് കെ.എസ്.ആർ, ഭാഗം I, ചട്ടം 98 പ്രകാരമുള്ള പ്രത്യേക അവശതാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സീത എസ് ലക്ഷ്മി

അണ്ടർ സെക്രട്ടറി.

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), തിരുവനന്തപുരം. (സേവനപുസ്തകം സഹിതം).

ശ്രീ. എം.സി. ബാബു, ബീറ്റ് ഫോറസ്റ്റ് ഓഫീസർ. (അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) മുഖേന).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ ), കേരള, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Noushad S
സെക്ഷൻ ഓഫീസർ
Date: 05-04-2024 14:11:27